**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4270** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത നീക്കാനാണോ നിരക്ക് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനമെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം, 26.06.2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.<br><br>താരിഫ് പരിഷ്കരണം മൂലം പ്രതിവർഷം ശരാശരി 6.6% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ കണക്കാക്കിയിട്ടുള്ളത്. ടി താരിഫ പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന ഏകദേശം 40 പൈസയുടെ വർദ്ധനവ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>റെഗുലേറ്ററി കമ്മീഷൻ നവംബർ 2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ കെ.എസ്.ഇ.-ബി.എൽ 31.01.2022, 10.02.2022 എന്ന് തീയതികളിൽ സമർപ്പിക്കുകയുണ്ടായി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്ത വിവരം **<u>അനുബന്ധമായി</u>** ചേർത്തിട്ടുണ്ട്.<br><br>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിന ശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുത് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002- ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത വർഷത്തിനു കാലയളവിനു ശേഷം 2012- ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത് |

പിന്നീട് 2013, 2014, 2017, 2019 എന്ന് വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77% 2019-ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ പരിഷ്കരണങ്ങളൊന്നും തന്നെ അന്ന നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു കെ.എസ്.ഇ.ബി.എൽ-ന്റെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം നികത്താനും അതുവഴിയുള്ള സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കാനുമാണ നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തത്.

2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച മേൽപ്പറഞ്ഞ അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

ഊർജ്ജ മേഖലയിൽ 2019 ന് ശേഷം വന്ന മാറ്റങ്ങൾ കൽക്കരി വിലയിൽ ഉണ്ടായ വർദ്ധനവ്, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചിലവ ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരി ക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപ വൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് ആയതിനാൽ വൈദ്യുതി വാങ്ങലിന വേണ്ടിയുള്ള എനർജി ചാർജ്ജിൽ 29 % മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ) വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കേരളത്തിന്റെ ഉപഭോക്തൃ മിശ്രണത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73 ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കളാണ് എന്ന് കാണാം. കൂടാതെ മൊത്തം ഉപഭോക്താക്കളുടെ 77 ശതമാനവു ക്രോസ് സബ്സിഡി ആനുകൂല്യ (വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ താഴെ നിരക്കുള്ളവർ) ലഭിക്കുന്നവരാണ്. മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവു വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ള ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുത വിഭാഗ ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനവ അനിവാര്യമായി. |
| (ബി) | ഗാർഹിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ് ഉൾപ്പെടെ വർദ്ധിപ്പിക്കാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ ആവശ്യപ്പെടാനുണ്ടായ അടിയന്തര സാഹചര്യം വിശദമാക്കാമോ; | (ബി) | കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം, 26.06.2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.<br><br>താരിഫ് പരിഷ്കരണം മൂലം പ്രതിവർഷം ശരാശരി 6.6% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ കണക്കാക്കിയിട്ടുള്ളത്. ടി താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന ഏകദേശം 40 പൈസയുടെ വർദ്ധനവ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>റെഗുലേറ്ററി കമ്മീഷൻ നവംബർ 2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ കെ.എസ്.ഇ.-ബി.എൽ 31.01.2022, 10.02.2022 എന്ന് തീയതികളിൽ സമർപ്പിക്കുകയുണ്ടായി. റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്ത വിവരം **<u>അനുബന്ധമായി</u>** ചേർത്തിട്ടുണ്ട്.<br><br>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത വർഷത്തിനു കാലയളവിനു ശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019 എന്ന് |

വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017-ൽ 4.77% 2019-ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു കെ.എസ്.ഇ.ബി.എൽ-ന്റെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം നികത്താനും അതുവഴിയുള്ള സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കാനുമാണ് നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തത്.

2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് മേൽപ്പറഞ്ഞ അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

ഊർജ്ജ മേഖലയിൽ 2019 ന് ശേഷം വന്ന മാറ്റങ്ങൾ കൽക്കരി വിലയിൽ ഉണ്ടായ വർദ്ധനവ്, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചിലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരി ക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപ വൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് ആയതിനാൽ വൈദ്യുതി വാങ്ങലിന് വേണ്ടിയുള്ള എനർജി ചാർജ്ജിൽ 29 % മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ) വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കേരളത്തിന്റെ ഉപഭോക്തൃ മിശ്രണത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73 ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളാണ് എന്ന് കാണാം. കൂടാതെ

| | | | |
|---|---|---|---|
| | | | മൊത്തം ഉപഭോക്താക്കളുടെ 77 ശതമാനവും ക്രോസ് സബ്സിഡി ആനുകൂല്യം (വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ താഴെ നിരക്കുള്ളവർ) ലഭിക്കുന്നവരാണ്. മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവും വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ള ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുത വിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനവ് അനിവാര്യമായി. |
| (സി) | കോവിഡ് പ്രതിസന്ധി മൂലം കഷ്ടത അനുഭവിക്കുന്ന സാധാരണക്കാർക്ക് വൈദ്യുതി ബോർഡിന്റെ നിരക്ക് വർദ്ധിപ്പിക്കാനുള്ള തീരുമാനം കാരണം ഉണ്ടാകാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ? | (സി) | കോവിഡ് കാലത്തെ കഷ്ടതകൾ കണക്കിലെടുത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും ചെറുകിട കച്ചവടക്കാരെയും വ്യവസായികളെയും സംരക്ഷിക്കുന്ന ഒരു താരിഫ് പരിഷ്കരണമാണ് വരുത്തിയിട്ടുള്ളത്. കാർഷിക വിഭാഗം, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗനവാടികൾ തുടങ്ങിയവയുടെയും വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടില്ല എന്ന കാര്യം പ്രസക്തമാണ്.<br><br>ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക് വർദ്ധന ഇല്ലാതെ 1.50 രൂപാ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാകും. 0-50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതി ചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.<br><br>10 കിലോവാട്ടിനു താഴെ കണക്റ്റഡ് ലോഡുള്ള കേരളത്തിലെ വ്യവസായിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിൽ യാതൊരു വിധ വർദ്ധനവും ഈ താരിഫ് ഓർഡറിൽ വരുത്തിയിട്ടില്ല. ഈ വിഭാഗത്തിന് കേവലം 15 പൈസ മാത്രമാണ് എനർജി ചാർജ്ജിൽ വർദ്ധനവ്.<br><br>കാർഷിക വിഭാഗത്തിന് ഫിക്സഡ് ചാർജ്ജിൽ 5 രൂപ വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളു. എനർജി ചാർജ്ജിൽ വർദ്ധനവ് ഒന്നും വരുത്തിയിട്ടില്ല.<br><br>വാണിജ്യ വിഭാഗത്തിൽ 1000 വാട്ട്സിനു മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾ (കടകൾ, ഹോട്ടലുകൾ, പെട്ടിക്കടകൾ) മുതലായവയ്ക്ക് കണക്ടഡ് ലോഡ് പരിധി (2000 വാട്ട്സ് വരെ) ഉയർത്തിയതു മൂലം യൂണിറ്റൊന്നിന് 75 പൈസയുടെ കുറവും ഫിക്സഡ് ചാർജ്ജിനത്തിൽ 20 രൂപയുടെ കുറവും ഉണ്ടാകുന്നു. |

| | | | |
|---|---|---|---|
| | | | ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കെ.എസ്.ഇ.ബി.എൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്ത വിവരം**

| വർഷം | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|---|
| *റവന്യൂ കമ്മി (കോടി രൂപയിൽ) | 2852.58 | 4029.19 | 4180.26 | 4666.64 | 5179.29 |
| താരിഫ് പരിഷ്കരണം ശുപാർശ ചെയ്യുന്നത് | 2249.10 | 786.13 | 370.92 | 487.72 | 252.03 |

* ഈ റവന്യൂ കമ്മിയിൽ മുൻകാല റവന്യൂ കമ്മിയുടെ ഒരു ഭാഗവും ഉൾപ്പെട്ടിട്ടുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം

## കെ.എസ്.ഇ.ബി.എൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ
## സംക്ഷിപ്ത വിവരം

| വർഷം | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|---|
| *റവന്യൂ കമ്മി (കോടി രൂപയിൽ) | 2852.58 | 4029.19 | 4180.26 | 4666.64 | 5179.29 |
| താരിഫ് പരിഷ്കരണം ശുപാർശ ചെയ്തത് | 2249.10 | 786.13 | 370.92 | 487.72 | 252.03 |

* ഈ റവന്യൂ കമ്മിയിൽ മുൻകാല റവന്യൂ കമ്മിയുടെ ഒരു ഭാഗവും ഉൾപ്പെട്ടിട്ടുണ്ട്

സെക്ഷൻ ഓഫീസർ